**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനയാനങ്ങൾക്കുള്ള സബ്സിഡി രഹിത മണ്ണെണ്ണയുടെ വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾ പരിശോധിച്ച് പെർമിറ്റിന് അർഹതയുള്ളവയെ പരാതി രഹിതമായി നിർണ്ണയിക്കാൻ കഴിഞ്ഞിരുന്നോ; എത്ര എഞ്ചിനുകൾക്കാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 02.12.2021 ലെ സ.ഉ.(സാധാ) നം.718/2021/മഉവ പ്രകാരം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള ഏകദിന സംയുക്ത പരിശോധനയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022 ഫെബ്രുവരി 27 ന് സംസ്ഥാനത്തൊട്ടാകെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത പരിശോധന ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളുടെയും മത്സ്യഫെഡിന്റെയും നേതൃത്വത്തിൽ കുറ്റമറ്റരീതിയിൽ നടത്തുകയും 14332 എഞ്ചിനുകൾ മണ്ണെണ്ണ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. പ്രസ്തുത എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിച്ച് വരുന്നു. |
| (ബി) | ഇവയ്ക്കെല്ലാം പെർമിറ്റ് പ്രകാരം നൽകാൻ ആകെ എത്ര അളവ് മണ്ണെണ്ണ വേണ്ടി വരും; കേന്ദ്ര സർക്കാർ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവെത്രയാണ്; വ്യക്തമാക്കാമോ; | (ബി) | പെർമിറ്റ് പ്രകാരം മത്സ്യഫെഡ് വഴി ഒരു മാസം വിതരണം ചെയ്യുന്ന പരമാവധി മണ്ണെണ്ണയുടെ അളവ് 2195.490 കിലോ ലിറ്റർ ആണ്. സിവിൽ സപ്ലൈസ് വകുപ്പ് വഴി ഒരു മാസം വിതരണം ചെയ്യേണ്ടത് പുതിയ പെർമിറ്റ് പ്രകാരം 2041.45 കിലോ ലിറ്റർ ആണ്. ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും One month quota ആയി നാളിതുവരെ 2160 KL മണ്ണെണ്ണയാണ് സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചത്. 100776 KL നോൺ സബ്സിഡി മണ്ണെണ്ണ ഈ സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന മേഖലക്ക് അനുവദിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിരുന്നെങ്കിലും 2160 KL മണ്ണെണ്ണ മാത്രമാണ് നാളിതുവരെ ലഭ്യമായത്. ടി 2160 KL മണ്ണെണ്ണയും മെയ് മാസത്തിൽ സിവിൽ സപ്ലൈസ് |

| | | | |
|---|---|---|---|
| | | | വകുപ്പ് വഴി മത്സ്യബന്ധന മേഖലക്ക് അനുവദിച്ചിരുന്നു. |
| (സി) | 2021 ഡിസംബറിൽ സബ്സിഡി രഹിത മണ്ണെണ്ണയ്ക്ക് 90.20 രൂപയായിരുന്നത് ആറുമാസത്തിനിടയിൽ 35 രൂപ വർദ്ധിപ്പിച്ചത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി തിരുത്താനായി സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ? | (സി) | മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്. നിലവിൽ പൊതു മാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണക്ക് 137 രൂപയും സിവിൽ സപ്ലൈസ് വഴി നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് 86.69 രൂപയുമാണ്. സബ്സിഡി രഹിത മണ്ണെണ്ണയുടെ വില കുറയ്ക്കുന്ന കാര്യവും, സബ്സിഡി മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യവും  കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ട് വരികയാണ്. |

സെക്ഷൻ ഓഫീസർ